പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1510 — 03.10.2016 ൽ - മറുപടിക്ക്

## ഭക്ഷ്യ സുരക്ഷാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിന്റെ പദ്ധതി തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) 2017 മാർച്ച് മുതൽ പുതിയ റേഷൻകാർഡുകൾ വിതരണം ചെയ്ത് ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. |
| (ബി) 2013 - ൽ മുൻ സർക്കാർ ഇതിനായി രൂപരേഖ തയ്യാറാക്കിയിരുന്നുവോ; ആയത് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) 5-7-2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 10-07-2013 ലെ 29-ാം നമ്പർ ഗവൺമെന്റ് ഓഫ് ഇൻഡ്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 2-12-2013 ലെ സ.ഉ.(കൈ) നം.53/2013/ഭ.സി.സ.വ. പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ **(identification of priority households)**, വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം **(door steps delivery)**, റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ **(online allocation)**, പരാതി പരിഹാര സംവിധാനം **(Grievance Redressal Mechanism)** എന്നിവയാണ് ഇതര കാര്യങ്ങൾക്കൊപ്പം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം വിഭാവന ചെയ്യുന്നത്.<br><br>07-07-2014 ലെ സ.ഉ.(കൈ)നം.21/14/ ഭ.സി.സ.വ. പ്രകാരം മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ടി മാനദണ്ഡങ്ങളും റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം **(RCMS)** പ്രകാരമുള്ള നിലവിലെ റേഷൻ കാർഡിലെ വിവരവും ഉൾപ്പെടുത്തി പ്രീ-പോപ്പുലേറ്റഡ് ഫോറം |

തയ്യാറാക്കി 01-01-2015 മുതൽ വിവര ശേഖരണത്തിനായി റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്യുകയും 19-01-2015 മുതൽ സംസ്ഥാനത്ത് ഒട്ടാകെ സംഘടിപ്പിച്ച 9442 ഫോട്ടോ ക്യാമ്പുകളിലൂടെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ 13-ാം വകുപ്പ് അനുശാസിക്കുന്ന പ്രകാരം കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുക്കുകയും ചെയ്തു. 18 വയസ് പൂർത്തിയായ വനിത കുടുംബത്തിൽ ഇല്ലാത്ത പക്ഷം മുതിർന്ന പുരുഷന്റെ ഫോട്ടോ എടുക്കുകയും ചെയ്തിട്ടുണ്ട്. പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിലൂടെ ലഭ്യമായ വിവരങ്ങൾ സി.ഡിറ്റ്, അക്ഷയ, കുടുംബശ്രീയുടെ ഐ.റ്റി. യൂണിറ്റായ ഉന്നതി എന്നീ സർക്കാർ ഏജൻസികളുടെ സഹായത്തോടെ ഡാറ്റാ എൻട്രി ചെയ്ത് പൂർത്തീകരിച്ചു. ഡാറ്റാ എൻട്രികളുടെ പിഴവുകൾ തിരുത്തുന്നതിനും ആവശ്യമായ കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി ഈ ഡാറ്റാ എൻട്രിയുടെ പ്രിന്റൗട്ടുകൾ റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്തു. ഈ പ്രിന്റൗട്ടുകൾ തിരികെ ലഭ്യമാക്കി മേൽ പറഞ്ഞ ഏജൻസികളുടെ സഹായത്തോടെ ഡാറ്റാ എൻട്രി പൂർത്തിയാക്കി എൻ.ഐ.സി. വികസിപ്പിച്ച റാങ്കിംഗ് സോഫ്റ്റ്‌വെയറിലൂടെ സംസ്ഥാനതല റാങ്കിംഗ് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

കരട് പട്ടികയിന്മേൽ ലഭിക്കുന്ന പരാതികളും ആക്ഷേപങ്ങളും പരിശോധിച്ച് തീരുമാനമെടുക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായും (കോർപ്പറേഷൻ / മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ ജൂനിയർ സൂപ്രണ്ടിൽ കുറയാത്ത ഉദ്യോഗസ്ഥൻ), ഫർക്ക റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ആഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ അംഗങ്ങളുമായുള്ള വെരിഫിക്കേഷൻ കമ്മിറ്റി 03-12-2015 ലെ സ.ഉ.(സാധാ)നം.391/15/ ഭ.സി.സ.വ. ഉത്തരവിലൂടെ രൂപീകരിച്ചിട്ടുണ്ട്.

വെരിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന് എതിരായ അപ്പീൽ കേൾക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലാ സപ്ലൈ ആഫീസർ കൺവീനറായും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ സോഷ്യൽ വെൽഫയർ ആഫീസർ, എ.ഡി.സി. ജനറൽ എന്നിവർ അംഗങ്ങളുമായ അപ്പീൽ കമ്മിറ്റി 26-02-2016 ലെ സ.ഉ.(സാധാ)നം.48/2016/ ഭ.പൊ.വി.വ. ഉത്തരവിലൂടെ രൂപീകരിച്ചിട്ടുണ്ട്. അന്തിമ മുൻഗണനാ/മുൻഗണന ഇതര പട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം പുതിയ റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതാണ്.

## വാതിൽപ്പടി വിതരണം (door step delivery)

റേഷൻ സാധനങ്ങൾ എഫ്.സി.ഐ. യിൽ നിന്നും വിട്ടെടുത്ത് ഇന്റർ മീഡിയറ്റ് ഗോഡൗണുകളിൽ സംഭരിച്ച് അംഗീകൃത ചില്ലറ വ്യാപാരികളുടെ (ARD) ഇൻഡന്റ് പ്രകാരം റേഷൻ കടകളിൽ സർക്കാർ ചെലവിൽ എത്തിച്ച് കൊടുക്കേണ്ടതാണെന്ന് ദേശീയ ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം പൂർണ്ണ തോതിൽ നടപ്പിലാക്കുമ്പോൾ വാതിൽപ്പടി വിതരണം പ്രാവർത്തികമാക്കുന്നതാണ്.

## റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation)

റേഷൻ സാധനങ്ങളുടെ വിഹിതം ലഭ്യമാകുന്നത് സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കണമെന്ന് ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നിഷ്ക്കർഷിക്കുന്നു. എഫ്.സി.ഐ. യിൽ നിന്ന് റേഷൻ സാധനങ്ങൾ വിട്ടെടുത്ത് മൊത്ത വിതരണ ശാലകളിൽ (AWD) സംഭരിച്ച് അംഗീകൃത ചില്ലറ വ്യാപാരികളിലൂടെ (ARD) കാർഡുടമകൾക്ക് വിതരണം ചെയ്യുന്നതുവരെയുള്ള വിവരങ്ങൾ

പൊതുജനങ്ങൾക്ക് അറിയുന്നതിനായി ഓൺലൈൻ മോഡ്യൂൾ പൊതുവിതരണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഈ വിവരം വകുപ്പിന്റെ വെബ്സൈറ്റായ **www.civilsupplieskerala.gov.in** ലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**<u>പരാതി പരിഹാര സംവിധാനം (Grievance Redressal Mechanism)</u>**

ദേശീയ ഭക്ഷ്യ സുരക്ഷാ നിയമ പ്രകാരം സംസ്ഥാന ഫുഡ് കമ്മീഷനും ജില്ലാ പരാതി പരിഹാര ആഫീസുകളും രൂപീകരിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി 14 ജില്ലകൾക്കും കൂടി 10 പരാതി പരിഹാര ആഫീസർമാരെയും ഒരു സംസ്ഥാന ഫുഡ് കമ്മീഷനെയും 21-08-2015 ലെ സ.ഉ.(കൈ)നം.23/15/ഭ.സി.സ.വ പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

| | |
|---|---|
| (സി) മുൻ സർക്കാർ ഇക്കാര്യത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നതിൽ നിന്നും ഏതെല്ലാം മെച്ചപ്പെട്ട രീതിയിലാണ് ഭക്ഷ്യ സുരക്ഷാ നിയമം കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (സി) മുൻസർക്കാരിന്റെ കാലഘട്ടത്തിൽ മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായുള്ള താലൂക്ക് തല റാങ്കിംഗിൽ ധാരാളം അനർഹർ മുൻഗണനാ പട്ടികയിൽ കടന്ന് കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് താലൂക്ക് തല റാങ്കിംഗ് മാറ്റി സംസ്ഥാനതല റാങ്കിംഗ് ആക്കുവാൻ തീരുമാനം എടുത്തിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*